# ജീവിതങ്ങളെ സ്വാദുള്ളതാക്കുക

## മത്തായി 5:13, മാർക്കോസ് 9:50

"നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു; ഉപ്പു കാരമില്ലാതെപോയാൽ അതിന്നു എന്തൊന്നുകൊണ്ടു രസം വരുത്താം? പുറത്തു കളഞ്ഞിട്ടു മനുഷ്യർ ചവിട്ടുവാൻ അല്ലാതെ മറ്റൊന്നിന്നും പിന്നെ കൊള്ളുന്നതല്ല."

കർത്താവു നമ്മെ ഉപ്പിനോട് ഉപമിച്ചു സംസാരിച്ചിരിക്കുന്ന ഒരു ഭാഗമാണ് ഇത്. അതുപോലെ കർത്താവു നമ്മെ വെളിച്ചത്തോടും ഉപമിച്ചു സംസാരിച്ചിട്ടുണ്ട്. നമ്മൾ ലോകത്തിന്റെ ഉപ്പും, വെളിച്ചവും ആയി കാണുവാനാണ് നമ്മുടെ സൃഷ്ടാവ് ആഗ്രഹിക്കുന്നത്. ലോകവുമായി നമ്മുടെ ബന്ധം എപ്രകാരം ക്രമീകരിക്കണമെന്നു നമ്മെ ഉപദേശിക്കുന്നതിനു വേണ്ടിയാണു ഉപ്പു എന്ന വസ്തു ഉപയോഗിച്ച് ഉപമയിലൂടെ പറഞ്ഞു തരുന്നത്. വേദപുസ്തകം നാം വായിക്കുമ്പോൾ, ഉപ്പിനെ കുറിച്ച് പല ഭാഗത്തും വിവരിച്ചിരിക്കുന്നത് നമുക്ക് കാണുവാൻ സാധിക്കും. മോശയോട് ദൈവം പറഞ്ഞിരുന്നു, യാഗപീഠത്തിൽ അർപ്പിക്കുന്ന ഏതു വസ്തുവിലും ഉപ്പു ചേർക്കണമെന്ന്.

നിന്റെ ഭോജനയാഗത്തിന്നു ഒക്കെയും ഉപ്പു ചേർക്കേണം; നിന്റെ ദൈവത്തിന്റെ നിയമത്തിൻ ഉപ്പു ഭോജനയാഗത്തിന്നു ഇല്ലാതിരിക്കരുതു; എല്ലവഴിപാടിന്നും ഉപ്പു ചേർക്കേണം (ലേവ്യപുസ്തകം 2:13).

നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു എന്ന് കർത്താവ് പറയുന്നുവെങ്കിൽ നാം നമ്മെ ആക്കിയിരിക്കുന്ന ഈ ലോകത്തിൽ, ഉപ്പിന്റെ യഥാർത്ഥ ഗുണങ്ങൾ പുറപ്പെടുവിക്കുന്നവരായി മാറേണ്ടതുണ്ട്. അങ്ങനെ മാറുവാൻ നമുക്ക് സാധിക്കാറുണ്ടോ എന്ന് നമുക്ക് ചിന്തിക്കാം.

നാം പാചകം ചെയ്യുമ്പോൾ ഉപ്പു ഉപയോഗിക്കുന്നത്, രുചി വർധിപ്പിക്കുന്നതിന് വേണ്ടിയാണു, നമ്മുടെ ജീവിതത്തിന്റെ ഒരു പ്രധാന ലക്ഷ്യവും അത് തന്നെ ആണ്. കഷ്ടങ്ങളുടെയും, പ്രയാസത്തിന്റെയും നടുവിൽ കൂടി കടന്നു പോകുന്ന അനേകം പേർ നമുക്ക് ചുറ്റും ഉണ്ട്. അവരുടെ ജീവിതത്തിലേക്കു ഒരു അല്പം രുചി പകർന്നു നൽകുവാൻ നമുക്ക് സാധിക്കാറുണ്ടോ?

ഉപ്പിന്റെ ഒരു അംശം മാത്രം മതി ഭക്ഷണത്തിന്റെ രുചി കൂടുവാനായിട്ടു. കർത്താവുമായി വ്യക്തിപരമായി ഒരു ബന്ധവും ഇല്ലാതെ, പാപത്തിൽ പെട്ട് ജീവിതം നശിച്ചു കൊണ്ടിരിക്കുന്ന അനേകം പേർ നമ്മുടെ ചുറ്റും ഉണ്ട്? അവരുടെ മദ്ധ്യേ ഉപ്പായിത്തീരുവാൻ നമ്മൾ ശ്രമിക്കാറുണ്ടോ?

നമുക്ക് നമ്മുടെ തന്നെ ജീവിതത്തിലേക്ക് നോക്കാം - ഉപ്പു ഭക്ഷണത്തിൽ ചേർത്ത് കഴിഞ്ഞാൽ അതിനെ കാണുവാനായിട്ടു സാധിക്കുകയില്ല. എന്നാൽ അതു രുചിച്ചു മനസിലാക്കുവാനായിട്ടു നമുക്ക് സാധിക്കും. ദൈവത്തിന്റെ സ്വന്തം മക്കൾ എന്ന് അവകാശപ്പെടുന്ന നമ്മെ, മറ്റുള്ളവർ കാണുമ്പോൾ, അവർക്ക് നമ്മിൽ നമ്മുടെ സൃഷ്ടാവിനെ കാണാൻ സാധിക്കാറുണ്ടോ? ആ രുചി മറ്റുള്ളവരിലേക്ക് പകർന്നു നൽകുവാൻ നാം ശ്രമിക്കാറുണ്ടോ?

ഒരിക്കൽ ഉപ്പു ഭക്ഷണത്തിൽ ചേർത്തു കഴിഞ്ഞാൽ പിന്നെ അതിനെ അതിൽ നിന്നും വേർപെടുത്താൻ സാധിക്കുകയില്ല, ക്രിസ്തുവിൽ ഒന്നായിത്തീർന്ന നാം, ക്രിസ്തുവിനെ മറന്നു പോകുന്ന നിമിഷങ്ങൾ നമ്മുടെ ജീവിത യാത്രയിൽ ഉണ്ടാകാറുണ്ടോ?

ഉപ്പു, ഭക്ഷണത്തിൽ അധികമായാൽ, ഭക്ഷണം നശിച്ചു പോകുകയും, ഉപയോഗശൂന്യമാകുകയും ചെയ്യും, നമ്മുടെ ജീവിത ഓട്ടത്തിൽ നമ്മുടെ സ്ഥാനവും കർത്താവിന്റെ സ്ഥാനത്തിന്റെ മുൻപിൽ ആകാറുണ്ടോ? ലോകത്തിന്റെ കിരീടങ്ങൾ കിട്ടുമ്പോൾ, നമ്മുടെ ജഡത്തെ നിയന്ത്രിച്ചു നിർത്തുവാൻ നമുക്ക് സാധിക്കുന്നുണ്ടോ?

നാം നമ്മുടെ ജീവിതത്തിൽ, വചനമായ ക്രിസ്തുവിനു ഒന്നാം സ്ഥാനം നൽകി എല്ലാ കാര്യങ്ങളും ചെയ്താൽ, ഉപ്പിന്റെ യഥാർത്ഥ ഫലങ്ങൾ, നമ്മുടെ ജീവിതത്തിൽ മറ്റുള്ളവർക്ക് കാണുവാനും, അവരെ ക്രിസ്തുവിലേക്കു ആകർഷിക്കുവാനും അതു ഉപകരിക്കും. ഉപ്പു ദ്രവത്വത്തിൽ നിന്നും സംരക്ഷണം നൽകുന്നത് പോലെ, നമുക്ക് നമ്മുടെ സഹജീവികൾക്ക് സംരക്ഷണം നല്കാൻ സാധിക്കണം. ഉപ്പു കാരമില്ലാതെപോയാൽ അതിന്നു എന്തൊന്നുകൊണ്ടു രസം വരുത്താം? പുറത്തു കളഞ്ഞിട്ടു മനുഷ്യർ ചവിട്ടുവാൻ അല്ലാതെ മറ്റൊന്നിന്നും പിന്നെ കൊള്ളുന്നതല്ല. ക്രിസ്തു ഉള്ളിൽ ഇല്ലാത്ത നമ്മൾ ദൈവാരാജ്യത്തിനു ഒരിക്കലും യോഗ്യതയുള്ളവരല്ല.

ആത്മീയമായി ക്ഷയിച്ച്, 'വീര്യം നഷ്ടപ്പെട്ട ഉപ്പുപോലെ' ഉപയോഗശൂന്യരായി തീർന്നേക്കാം. അങ്ങനെ ഉപയോഗ്യശൂന്യമായി തീരുവാനല്ല നമ്മെ വിളിച്ചിരിക്കുന്നത്. നമ്മുടെ വിളിക്കു യോഗ്യമാംവണ്ണം ഈ ലോകത്തിൽ ആയിരിപ്പാൻ നമുക്ക് സാധിക്കണം. അതിനായി ദൈവത്തിന്റെ ആത്മാവ് നമ്മെ സഹായിക്കുമാറാകട്ടെ. ഭൂമിയുടെ ഉപ്പായി, ദൈവത്തിന്റെ നല്ല സാക്ഷികളായി, ദൈവരാജ്യത്തിന്റെ കെട്ടുപണിക്കു പ്രയോജനമുള്ളവരായി, വിശ്വസ്ഥതയോടെ, ദൈവം നമ്മെ ആക്കിയിരിക്കുന്ന സ്ഥാനങ്ങളിൽ പരിശുദ്ധാത്മാവിന്റെ യഥാർത്ഥ ഫലങ്ങൾ പുറപ്പെടുവിക്കുന്നവരായി മാറുവാൻ നമ്മെ തന്നെ സമർപ്പിച്ചു നൽകാം

**പരമാർശം:**

**കൊലൊസ്സ്യർ 4:6**

**ഓരോരുത്തനോടു നിങ്ങൾ എങ്ങനെ ഉത്തരം പറയേണം എന്നു അറിയേണ്ടതിന്നു നിങ്ങളുടെ വാക്കു എപ്പോഴും കൃപയോടുകൂടിയതും ഉപ്പിനാൽ രുചിവരുത്തിയതും ആയിരിക്കട്ടെ.**

**ബ്രദർ റ്റോബി ഏബ്രഹാം ചെങ്ങന്നൂർ 016**